തൊഴിലാളിയുടെ പേരും വിലാസവും, ഫോട്ടോ, ഒപ്പ്, എന്നുമുതൽ ജോലി ചെയ്യുവരുന്നു തുടങ്ങിയ കാര്യങ്ങളും രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചുവരുന്നുണ്ട്. അന്യസംസ്ഥാനത്തുനിന്നും പുതുതായി ആളുകൾ സ്ഥിരമായ തൊഴിലുകൾക്കായി വരുമ്പോൾ അവരുടെ വിവരങ്ങൾ രജിസ്റ്ററിൽ കൂട്ടിച്ചേർക്കാറുണ്ട്. പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ഹൗസ് ഓഫീസറെയാണ് ഇക്കാര്യങ്ങൾക്കായി ചുമതല പ്പെടുത്തിയിരിക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിലും തൊഴിലിടങ്ങളിലും പരിശോധന നടത്തുന്നതിനും അവരുടെ കൈവശമുള്ള തിരിച്ചറിയൽ രേഖകൾ കൃത്യമാണോയെന്ന് പരിശോധിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 1322 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 78 കൊലപാതക കേസ്സുകൾ ഉൾപ്പെടുന്നു. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്ര അഗ്നിബാധ

190 (1895) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രം തീപിടുത്തവുമായി ബന്ധപ്പെട്ട് നിലവിൽ അന്വേഷണം നടത്തി വരുന്നുണ്ടോ ;

(ബി) എങ്കിൽ അന്വേഷണത്തിൽ ഉണ്ടായിട്ടുള്ള കാലവിളംബത്തിന്റെ കാരണം അറിയിക്കുമോ ;

(സി) പ്രസ്തുത അന്വേഷണത്തിൻമേൽ വെളിപ്പെടുത്താവുന്ന വിവരങ്ങൾ വിശദമാക്കുമോ ;

(ഡി) സമയബന്ധിതമായി ഈ അന്വേഷണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്ര തീപിടുത്തവുമായി ബന്ധപ്പെട്ട അടൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2000/2014 എന്ന കേസ് ക്രൈംബ്രാഞ്ചിന് കൈമാറുകയും Cr.No.8/CR/OCW-I/TVPM/2015 ആയി റീ-നമ്പർ ചെയ്ത് OCW-1 പത്തനംതിട്ട സബ് യൂണിറ്റ് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്വേഷണത്തിൽ കാലവിളംബമുണ്ടായിട്ടില്ല.

(സി&ഡി) കൃത്യ സ്ഥലത്തുനിന്നും ബന്ധവസിലെടുത്തിട്ടുള്ള സാധനങ്ങളും കൃത്യ ക്ഷേത്രത്തിന്റെ താഴികക്കുടവും മറ്റും ഫോറൻസിക് സയൻസ് ലബോറട്ടറിയിലേക്ക് പരിശോധനയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ

191 (1896) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് സ്റ്റേഷനുകളാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാവും എന്ന് വ്യക്തമാക്കുമോ ;

(സി) പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം കേരളത്തിൽ ഒരു സ്മാർട്ട് പോലീസ് സ്റ്റേഷൻ നിർമ്മിക്കുവാൻ തീരുമാനിക്കുകയും തമ്പാനൂർ പോലീസ് സ്റ്റേഷനെ ഇതിനായി പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച പ്ലാനും എസ്റ്റിമേറ്റും കെ.പി.എച്ച്.സി.സി. തയ്യാറാക്കി വരികയാണ്. എസ്റ്റിമേറ്റ് കിട്ടിയാലുടൻ അംഗീകാരത്തിനും ഫണ്ടിനും വേണ്ടി എം.എച്ച്.എ.-യിലേക്ക് അയച്ചു കൊടുക്കുന്നതാണ്.

(സി) പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്നതിനായി പതിമൂന്നാം ഫിനാൻസ് കമ്മീഷൻ പദ്ധതി പ്രകാരം 70 പോലീസ് സ്റ്റേഷനുകളിൽ കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററും, 50 പോലീസ് സ്റ്റേഷനുകളിൽ ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് സെന്ററും 17 സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ സർവ്വീസ് ബ്യൂറോകളും നിർമ്മിക്കുവാൻ കെ.പി.എച്ച്.സി.സി.-ക്ക് അനുമതി നൽകിയിട്ടുണ്ട്. പണികൾ പൂർത്തിയായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly